DESPATCHED
On...08/06/2020

06/03/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

**തിരുവനന്തപുരം_695 001**

**Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1341(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.8947/SIC-Gen 2/2013**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. അബ്ദുൾ മുനീർ .ടി,
തിരുവല്ലൂർ വീട്,
നരിക്കുനി,
കോഴിക്കോട് – 673 585.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സെക്രട്ടറി,
   നരിക്കുനി ഗ്രാമപഞ്ചായത്ത് ഓഫീസ്,
   നരിക്കുനി പി.ഒ., കോഴിക്കോട് – 673 585.

2. അപ്പീലധികാരി & പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,
   കോഴിക്കോട്.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ നരിക്കുനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ ചോദിച്ച വിവരങ്ങളും രേഖകളും കൃത്യമായി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 22.07.13ൽ ഒന്നാം എതിർകക്ഷി കമ്മീഷനു നൽകിയ റിപ്പോർട്ടിൽ പറയുന്നത്. പഞ്ചായത്ത് ആറാം വാർഡിലെ വെളഞ്ഞം കണ്ടിതാഴത്ത് പഞ്ചായത്തിന് പൊതു കിണർ ഉണ്ടോയെന്നും, ഉണ്ടെങ്കിൽ ആയതിന്റെ രേഖകളുടെ പകർപ്പ് നൽകണമെന്നും ആയിരുന്നുവെന്നും, ഇതിന് ഉണ്ടെന്ന് മറുപടി നൽകിയെന്നും, എന്നാൽ ഇതിന് ആധാരമായ രേഖകളൊന്നും പഞ്ചായത്തിൽ ഉണ്ടായിരുന്നില്ലെന്നും, അതുകൊണ്ടാണ് രേഖകൾ ഇല്ല എന്ന് മറുപടി നൽകിയതെന്നും റിപ്പോർട്ടിൽ പറയുന്നു.

3. എന്നാൽ ഇത് തെറ്റായി നൽകിയതാണെന്നും, ഇതു സംബന്ധിച്ച് ശരിയായ വിവരം ഹർജിക്കാരന് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കുകയായിരുന്നു എന്നുമാണ് ഒന്നാം അപ്പീലധികാരിയായ രണ്ടാം എതിർകക്ഷി 20.08.13ൽ കമ്മീഷനു നൽകിയ റിപ്പോർട്ടിൽ പറയുന്നത്. ഇങ്ങനെ ഒന്നാം അപ്പീലധി

കാരി നിർദ്ദേശിച്ച പ്രകാരം ശരിയായ വിവരം നൽകിയിട്ടില്ല എന്നാണ് അപ്പീൽ ഹർജിക്കാരൻ 26.06.13ൽ കമ്മീഷനു നൽകിയ അപ്പീലിൽ പറയുന്നത്.

4. അതുകൊണ്ട് ഒന്നാം അപ്പീലധികാരി നിർദ്ദേശിച്ചപ്രകാരം ശരിയായ പരാമർശിത കാലയളവിലെ SPIO നൽകിയിട്ടുണ്ടോ എന്ന കാര്യം ഈ ഉത്തരവ് ലഭിച്ച് ഒരു മാസ ത്തിനുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണെന്നും, ടി വിവരം അപ്പീൽ ഹർജിക്കാര നെയും അറിയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം, 2020 മാർച്ച് മാസം 6-ാം തീയതി കമ്മീഷൻ താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.